LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കമ്പനി നടപ്പാക്കിയ വൈവിധ്യവത്ക്കരണങ്ങളിലൂടെ സോളാർ റൂഫ് റ്റോപ്പ് പവ്വർപ്ലാന്റ് സ്ഥാപിക്കൽ സോളാർ തെരുവുവിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കൽ, തെരുവ് വിളക്കുകളുടെ നിർമ്മാണവും വിതരണവും തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുന്നത്. ഇതിനുപുറമേ എ.ബി.സ്വിച്ച്, മോട്ടോർസ്റ്റാർട്ടർ എന്നിവയുടെ ഉല്പാദനവും, നിർത്തിവച്ചിരുന്ന വാട്ടർമീറ്ററിന്റെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്.

(ബി) 2011-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2010-2011 സാമ്പത്തിക വർഷത്തിലെ നഷ്ടം 6 കോടി 77 ലക്ഷം ആയിരുന്നു. അതിനുശേഷമുള്ള ലാഭനഷ്ടകണക്ക് ചുവടെ ചേർക്കുന്നു :

2011 - 2012 4 കോടി 68 ലക്ഷം നഷ്ടം

2012 - 2013 5 കോടി 22 ലക്ഷം നഷ്ടം

2013 - 2014 4 കോടി 59 ലക്ഷം നഷ്ടം

(സി) 2011-12-ൽ, 2, 10, 530 മീറ്ററുകൾ നിർമ്മിച്ചു. 2012-13-ൽ 20 മീറ്ററുകൾ നിർമ്മിച്ചു. മേയ് 2011 മുതൽ ഫെബ്രുവരി 2013 - വരെ 2,46,000 മീറ്ററുകൾ വില്പന നടത്തി.

(ഡി) 14-2-2013 മുതൽ വൈദ്യുതിബോർഡി-ൽ നിന്നും ഓർഡറുകൾ ലഭിക്കാത്തതിനാൽ വൈദ്യുതി മീറ്റർ നല്കുന്നില്ല.

എമർജിംഗ് കേരള സംഗമം

279 (628) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഗമത്തിൽ വന്ന എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) എത്ര പദ്ധതികളിലാണ് എം.ഒ.യു. ഒപ്പിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സംഗമത്തിൽ വന്നതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരള വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ എമർജിംഗ് കേരള സംഘടിപ്പിച്ചത്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിംഗ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു. എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ പദ്ധതികളടക്കം മൊത്തം 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രമുള്ള 19 പദ്ധതികളിൽ രണ്ടു പദ്ധതികളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി 17 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) എമർജിംഗ് കേരളയുടെ ഭാഗമായി സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ചത് താഴെ പറയുന്ന രണ്ട് പദ്ധതികൾക്കാണ്:

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL between BPCL and Govt. of Kerala.

2. To implement Advanced Diploma course in Automative Mechatronics (ADAM) Course at Govt. Engineering College, Barton Hill, Trivandrum between Mercedez Benz and Higher Education Dept.

(ഡി) എമർജിംഗ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കും പദ്ധതി നിർദ്ദേങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും, ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. അതു പോലെ, എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളേയും പദ്ധതികളെയും ഫലവത്താക്കാൻ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.